
Volume 06
Issue 46
27 March, 2016
Easter
Is 60:1-7
1 Sam 2:1-10
Rom 6:1-14
Mt 28:1-6
Jn 20:1-18




# പ്രത്യാശയുടെ പുലരി- ഉത്ഥാനതിരുനാൾ



Rev Bro Shibu Kumbakkatt

രണ്ടായിരാംമാണ്ടിൽ റോമൻകൂരിയായെ ധ്യാനിപ്പിക്കാൻ ദിവഗതനായ പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ ക്ഷണിച്ചത് വിയറ്റ്നാമിൽ നിന്നുള്ള വാൻത്വാൻ എന്ന മെത്രാനെയാണ്. നീണ്ട 13 വർഷക്കാലം കമ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ കീഴിൽ ദൈവത്തിൽ വിശ്വസിക്കുന്നു എന്നതിന്റെ പേരിൽ ഏകാന്ത തടവിന് വിധിക്കപ്പെട്ട മെത്രാനായിരുന്നു വാൻത്വാൻ. പ്രഭാത ഭക്ഷണം കഴിക്കുന്നതിനിടയിൽ കുശലാന്വേഷണമായി പരി പിതാവ് ജോൺപോൾ പാപ്പ വാൻത്വാൻ എന്ന മെത്രാനോടു ചോദിച്ചു "താങ്കൾ എന്തിനെക്കുറിച്ചാണു ഇന്ന് ഞങ്ങളെ ധ്യാനിപ്പിക്കാൻ പോകുന്നത്."

വാൻത്വാൻ തന്റെ രണ്ടും കരങ്ങളും പരി. പിതാവിന്റെ മുൻപിൽ തുറന്നു പിടിച്ചിട്ട് പറഞ്ഞു. പരി. പിതാവെ കഴിഞ്ഞ 13 വർഷക്കാലമായി കമ്യൂണിസ്റ്റ് ഭരണകൂടത്തിൻ കീഴിൽ ഏകാന്ത തടവിന് വിധിക്കപ്പെട്ടപ്പോൾ രാത്രിയുടെ ഇരുണ്ട യാമങ്ങളിൽ ആരും കാണാതെ വലതുകൈയിൽ 3 തുള്ളി വീഞ്ഞും അതിൻ ഒരുതുള്ളി വെള്ളവുംമൊഴിച്ച് ഇടതുകൈയിൽ അപ്പത്തിന്റെ ഏതാനും പൊടികഷണങ്ങളുമിട്ട് ഞാൻ ബലിയർപ്പിച്ചു. അപ്പോഴൊക്കെ വി. ബലിയിൽ എഴുന്നള്ളി വരുന്ന കർത്താവിനോടു ഞാൻ പ്രാർത്ഥിച്ചത് ഒന്നു മാത്രമായിരുന്നു. "എന്റെ വിശ്വാസത്തെ കാത്തു സൂക്ഷിക്കുവാനുള്ള വരം തരണമേയെന്ന്." ജയിലിന്റെ ഇരുണ്ട മുറിയ്ക്കുള്ളിൽ നിന്ന് ഓരോ ദിവസവും ക്രൂശിതൻ പ്രത്യാശയെക്കുറിച്ച് എന്നോടു സംസാരിക്കുമായിരുന്നു. ക്രൂശിതൻ എന്നെ പഠിപ്പിച്ചു. പ്രത്യാശയെക്കുറിച്ചാണു ഞാൻ നിങ്ങളോടു സംസാരിക്കുന്നത്.

ഭോഷത്വത്തിന്റെ അടയാളമായിട്ടുള്ള കുരുശിനെ രക്ഷയുടെ അടയാളമാക്കി കുരിശിൽ മരിച്ചവൻ ഉത്ഥാനതിരുനാളിൽ നമ്മോട് വാചാലനാകുന്നത് പ്രത്യാശയെക്കുറിച്ചാണ്. ഈസ്റ്റർ പ്രത്യാശയുടെ പ്രാർത്ഥനകളിൽ ഒന്നായ "മൃത്യോർമ്മ അമൃതം ഗമയ" മരണത്തിൽ നിന്ന് ജീവനിലേയ്ക്കു നയിക്കണമെ എന്നതിനുള്ള ദൈവത്തിന്റെ ഉത്തരമാണ് ഈ ഉത്ഥ

ാനതിരുനാൾ. ഇന്നലെയും ഇന്നും എന്നും മനുഷ്യനെ അലട്ടുന്ന വലിയ ഒരു ചോദ്യങ്ങളിൽ ഒന്നാണ് മരണത്തിനപ്പുറം എന്ത്? ഇനി മുതൽ ഈ ചോദ്യത്തിന് വിശ്വാസികളുടെ ഇടയിൽ പ്രസ്ക്തിയില്ല. കാരണം "ഞാനാകുന്നു. പുനരുത്ഥാനവും ജീവനും".(യോഹ 11- 25) പറഞ്ഞവൻ ജീവിതം കൊണ്ട് തന്നെ പഠിപ്പിക്കുന്നു. മരണത്തിനുശേഷം ഇനി പുനരുത്ഥാനം നിത്യതയിലേയ്ക്കുള്ള ക്ഷണകത്താണ് മരണം.

ഉത്ഥിതനായ ക്രിസ്തു തന്റെ ശിഷ്യൻമാർക്കു സമ്മാനിക്കുന്ന ആശംസ "ഭയപ്പെടേണ്ട നിങ്ങൾക്കു സമാധാനം". ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. ഉത്ഥിതനായ ക്രിസ്തുവിൽ വിശ്വാസമർപ്പിക്കുന്ന ആരും ഇനി മേൽ ഭയപ്പെടുകയില്ല. കാരണം അവന്റെ അഭയ ശില കർത്താവാണ്. ആദി മാതാപിതാക്കളുടെ പാപം മനുഷ്യവർഗ്ഗത്തെ പറുദീസായിൽ നിന്ന് പുറത്താക്കിയെങ്കിൽ ക്രിസ്തുവിന്റെ കുരിശുമരണം മനുഷ്യകുലത്തിന് സമ്മാനിച്ചത് പറുദീസയാണ്. മഗദ്ലനാമറിയത്തോട് ക്രിസ്തു ചോദിക്കുന്ന ചോദ്യമുണ്ട്. സ്ത്രീയെ എന്തിനാണു നീ കരയുന്നത്.? ഉത്ഥിതനായ ക്രിസ്തുവിൽ വിശ്വസിക്കുക. ആരെങ്കിലും കരയുന്നുണ്ടെങ്കിൽ ഈ ഈസ്റ്റർ ദിനത്തിൽ നമ്മെയും നോക്കി അവിടുന്നു ചോദിക്കുന്നുണ്ട്. എന്തിനാണുനീ കരയുന്നത്.?

ഈ വലിയ പ്രത്യാശയുടെ തിരുനാൾ നമ്മോട് പറയുന്നത് കുരിശിനപ്പുറം ഉയർപ്പുണ്ടെന്നും കടലിനപ്പുറം കരയുണ്ടന്നും ഇരുളിനപ്പുറം വെളിച്ചമുണ്ടെന്നും മരണത്തിനപ്പുറം നിത്യജീവനുമുണ്ട് എന്നുള്ളതാണ്. കണ്ണൂനിരുകളുടെ ദുഃഖവെള്ളിയാഴ്ചകളിൽ പ്രത്യാശ കൈവിടാതെ ഭയപ്പെടേണ്ട നിങ്ങൾക്കു സമാധാനം എന്നു പറയുന്നതിൽ ഒരു പുതിയ അനുഭവമാകും.

2003-ൽ ഗുജറാത്ത് ഭൂകമ്പസമയത്ത് ന്യൂസ്പേപ്പറിൽ വായിച്ച ഒരു സംഭവം ഓർക്കുന്നു. ഗുജറാത്ത് ഭൂകമ്പസമയത്തിനുശേഷം 7 ദിവസം കഴിഞ്ഞ് ഒരു പെൺകുട്ടിയെ കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ നിന്നു വളരെ ക്ലേശപെട്ട് രക്ഷാപ്രവർത്തകർ പുറത്തെടുത്തു. മരണത്തെ അതിജീവിച്ച് പുറത്ത് വന്നു ആ പെൺകുട്ടിയുടെ അടുത്ത് മാധ്യമപ്രവർത്തകർ ചോദിച്ചു. ഭക്ഷണവും വെള്ളവും വായവുമില്ലാതെ നീ എങ്ങനെ 7 ദിവസം കഴിഞ്ഞു. അവർ പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു. തീർത്തും അവിചാരിതമായ നിമിഷത്തിലാണ് വില്ലനായ് ഭൂകമ്പംകടന്നു വന്നത്. കണ്ണടച്ച് തുറക്കുന്നതിന് മുൻപ് കെട്ടിടങ്ങൾ നിലം പൊത്തി. ഞാൻ അതിന്റെ അകത്ത് പെട്ടുപോയി. മരണത്തെ മുഖാമുഖം കണ്ട അവസ്ഥയിൽ ദൈവത്തെ മുട്ടിപ്പായ് വിളിച്ചു. തകർന്നു വീണ കെട്ടിടത്തിന്റെ ഇടയിൽ നിന്ന് ഒരു ചെറിയ സുഷിരത്തിൽകൂടി ദൈവം എനിക്ക് സൂര്യപ്രകാശരശ്മികൾ അയച്ചു. പകൽ സമയങ്ങളിൽ ഞാൻ ആ സുഷിരത്തിലൂടെ മുകളിലേയ്ക്ക് നോക്കി പ്രത്യാശയോടെ ശബ്ദമുയർത്തി. 7-ാം ദിവസം എന്റെ അവസാനത്തിന് ഫലമുണ്ടായി. പ്രത്യാശയോടെ ദൈവത്തെ വിളിച്ചപേക്ഷിക്കുന്നവരെ ഒരിക്കലും തള്ളുകയില്ല എന്ന് ഇപ്പോൾ എനിക്ക് ബോധ്യമായി.

ഈസ്റ്റർ സമ്മാനിക്കുന്നതും ഈ പ്രത്യാശയാണ്. ജീവിത സഹനങ്ങളുടെ നെരിപ്പിലിലൂടെ യാത്രചെയ്യുമ്പോൾ മരണത്തി ന പ്പുറം ഉ ത്ഥ ാ ന മുണ്ടെന്നുള്ള ഓർമ്മപെടുത്തൽ ജീവിതസഹനങ്ങളെ ഏറ്റെടുക്കാൻ നമ്മെ ശക്തിപ്പെടുത്തും. സഹനങ്ങളൊന്നും അവയിൽ തന്നെ അവസാനിപ്പിക്കേണ്ട ഒന്നല്ല. മറിച്ച് സഹനങ്ങളെല്ലാം രക്ഷയ്ക്ക് കാരണമാകേണ്ടതാണ്. സഹനങ്ങളെ പ്രത്യാശയോടെ നേരിടുന്നവർക്ക് ദൈവം സമ്മാനിക്കുന്ന അനുഗ്രഹത്തിന്റെ പേ രാണ് ഉത്ഥാനതിരുനാൾ. നമ്മുടെ ജീവിതദുഖങ്ങൾ സന്തോഷമായ് മാറ്റപെടുന്ന ദിവസമാണ് ഇന്ന്.

കാൽവരിയിലെ വിരിമാറിലെ ദുഖത്തിന്റെ പരിയവസാരം എത്തിയത് കല്ലറയിലാണ്. പ ക്ഷെ കല്ലറയിലെ 3 ദിവസത്തെ മൂടൽ മഞ്ഞി ന ുശേഷം ലോകം ന െ ഞ്ചിലേറ്റിയത് സന്തോഷത്തിന്റെ വാർത്തയായിരുന്നു. ചുരുക്കത്തിൽ ദുഃഖവെള്ളിയുടെ ഗദ്ഗദം ന െ ഞ്ചിലേറ്റുന്നവർക്ക് കർത്താവ് സമ്മാ നിക്കുന്ന കമ്പദമായി ഉ ത്ഥ ാ ന തിരു ന ാൾ മാറ്റപെ ടുകയാണ്.

ഈശോയുടെ ശിഷ്യൻമാരുടെ ജീവിതത്തിലേക്ക് നോക്കിയാൽ ഒരു കാര്യം വ്യക്തമാകും. ഉ ത്ഥിത ന െ കണ്ടുമുട്ടിയവർ പിന്നിടൊരിക്കലും ഭയത്തിന്റെ നിഴലിൽ യാത്ര ചെയ്തിട്ടില്ല. ഗത്സമേൻ തോട്ടത്തിൽ കർത്താവിനോടുകൂടെ ഒരു മണിക്കൂർപോലും ഉണർന്നിരിക്കാൻ സാ ധിക്കാത്തവർ കർത്താവി ന െ കോഴി കൂവുന്നതി ന ു മുൻപ് 3 പ്രാവശ്യം തള്ളിപറഞ്ഞവൻ ഗുരുവിന്റെ മരണത്തിൽ കതകടച്ചിരുന്നവർ അതിജീവ ന ത്തി ന ് പഴയ ജോലിയിലേയ്ക്ക് തിരികെ പോയവർ. കർത്താവി ന െ കണ്ടുമുട്ടിയപ്പോൾ അധരങ്ങൾ ജ്വലിച്ചു. പാദങ്ങൾക്കു ചിറകു മുളച്ചു. വാക്കുകൾ അഗ്നിയായി.

ഈ ഉ ത്ഥ ാ ന തിരു ന ാൾ പ്രത്യാശയോടെ ജീവിക്കാ ന ുള്ള ക്ഷ ണമാണ്. ഓരോ വി. കുർബാ നയിലും ഉത്ഥിതനെ കണ്ട് മുട്ടുന്ന അനുഭവം സ്വന്തമാക്കാം. എല്ലാവർക്കും ഈസ്റ്റർ ആശംസകൾ. ദൈവം അനുഗ്രഹിക്കട്ടെ.